**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 12.05.2025

# തൃശ്ശൂർ എക്സൈസ് സർക്കിൾ ഓഫീസിലെ അഞ്ച് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്.

24/12/2024 തീയതി തൃശ്ശൂർ എക്സൈസ് സർക്കിൾ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ അശോക് കുമാറിന്റെ കയ്യിൽ നിന്നും കണക്കിൽപ്പെടാത്ത 27,970/- രൂപയും, ഡിപ്പാർട്ട്മെന്റ് വാഹനത്തിൽ ഒളിപ്പിച്ച നിലയിൽ 42,500/- രൂപയും വിജിലൻസ് കണ്ടെടുത്തിരുന്നു. തൃശ്ശൂർ എക്സൈസ് സർക്കിളിലെ വിവിധ ബാറുകളിൽ നിന്നും, കള്ളുഷാപ്പുകളിൽ നിന്നും എക്സൈസ് സർക്കിൾ ഓഫീസറും സംഘവും മാസപ്പടിയായി പിരിച്ചെടുത്ത തുകയാണിതെന്ന് വിജിലൻസ് കണ്ടെത്തിയിരുന്നു. കൂടാതെ ബാറുകളിൽ നിന്നും കൈപ്പറ്റിയ 12 കുപ്പി ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും വാഹനത്തിൽ നിന്നും പിടിച്ചെടുത്തിരുന്നു. ഈ സംഭവത്തിൽ തൃശ്ശൂർ ജില്ലാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന അശോക് കുമാർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഡിക്സൻ വി ഡേവിസ്, എക്സൈസ് പ്രിവന്റീവ് ഓഫീസർ സുരേഷ്.എൻ.ജി, സിവിൽ എക്സൈസ് ഓഫീസർ സുനീഷ്.വി.എൻ, ഡ്രൈവർ സിവിൽ എക്സൈസ് ഓഫീസർ ഷാജു.സി.ജി എന്നിവർക്കെതിരെ ഇന്ന് (12.05.2025) വിജിലൻസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.